# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 മാർച്ച് 27

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ അതിവേഗമൂല്യനിർണയം; അവസാന സെമസ്റ്റർ ബിരുദ പരീക്ഷഫലം ഏപ്രിൽ 30നകം

**– മൂല്യനിർണയം നടത്തുക 1.90 ലക്ഷം ഉത്തരക്കടലാസ്**

**– മൂല്യനിർണയ ക്യാമ്പുകൾ ഏപ്രിൽ എട്ട് മുതൽ**

**– ചോദ്യബാങ്ക് തയാറാക്കിയ അധ്യാപകർക്ക് സർട്ടിഫിക്കറ്റ്**

മഹാത്മാഗാന്ധി സർവകലാശാലയിലെ ആറാംസെമസ്റ്റർ ബിരുദപരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം അതിവേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു . ഏപ്രിൽ എട്ട് മുതൽ 12 വരെ ഒമ്പതു കേന്ദ്രങ്ങളിലായി കേന്ദ്രീകൃതരീതിയിലാണ് മൂല്യനിർണയം നടത്തുക . 1.90 ലക്ഷം ചോദ്യക്കടലാസുകളാണ് മൂല്യനിർണയം നടത്തേണ്ടത്.

ഏപ്രിൽ അഞ്ചിനു മുമ്പ് ചോദ്യക്കടലാസുകൾ വിവിധ കേന്ദ്രങ്ങളിലെത്തിക്കും . ഏപ്രിൽ 30നകം ഫലം പ്രഖ്യാപിക്കുകയാണ് ലക്ഷ്യം . കഴിഞ്ഞവർഷം മേയ് 15ന് ഫലംപ്രഖ്യാപിച്ചിരുന്നു . ഇത്തവണ ഇടുക്കിയിൽ അടിമാലി കർമലഗിരി കോളജിൽ പുതിയ ക്യാമ്പ് അനുവദിച്ചിട്ടുണ്ട്. അധ്യാപകരുടെ ആവശ്യപ്രകാരമാണിത്. ഏപ്രിൽ 25ന്ശേഷം ഒന്നാം സെമസ്റ്റർ ബിരുദപരീക്ഷകളുടെയും ഒന്ന് , രണ്ട് സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകളുടെയും മൂല്യനിർണയ ക്യാമ്പ് ആരംഭിക്കും . അഞ്ച്, ആറ് സെമസ്റ്റർ പ്രൈവറ്റ് ബിരുദപരീക്ഷകളുടെ മൂല്യനിർണയവും നടക്കും.

രണ്ടും നാലും സെമസ്റ്റ ർ ബിരുദ പരീക്ഷകളുടെ ചോദ്യബാങ്ക് തയാറാക്കൽ അന്തിമഘട്ടത്തിലാണ് . ചോദ്യബാങ്ക് തയാറാക്കുന്നതിന് നേതൃത്വം നൽകിയ അധ്യാപകർക്കുള്ള സർട്ടിഫിക്കറ്റുകൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് വിതരണം ചെയ്തു . മൂല്യനിർണയം അതിവേഗത്തിൽ പൂർത്തീകരിച്ച് ഫലം പ്രഖ്യാപിക്കുന്നതിലൂടെ വിദ്യാർഥികൾക്ക് ബിരുദാനന്തരബിരുദ പഠനത്തിന് രാജ്യമൊട്ടാകെ അപേക്ഷിക്കാൻ സാധിക്കുമെന്നും ഇതിലൂടെ കൂടുതൽ അവസരം കൈവരുമെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ . ടോമിച്ചൻ ജോസഫ് , ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, പരീക്ഷ കൺട്രോളർ ഡോ. ബി. പ്രകാശ്കുമാർ, എസ്.ഒ. ഭാനുപ്രകാശ് എന്നിവർ പങ്കെടുത്തു.

### ചിത്രം കാപ്ഷൻ

**എം.ജി. സർവകലാശാലയിൽ രണ്ടും നാലും സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ചോദ്യബാങ്ക് തയാറാക്കിയ അധ്യാപകർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു.**

(പി.ആർ.ഒ./39/596/2019)

### പരീക്ഷഫലം

2018 നവംബറിൽ നടന്ന ബി.ടെക്. ഒന്നു മുതൽ എട്ടുവരെ സെമസ്റ്റർ സ് പെഷൽ സപ്ലിമെന്ററി (പുതിയ/പഴയ സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/597/2019)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ബി.ബി.എ. എൽ.എൽ.ബി. രണ്ടാം സെമസ്റ്റർ (ഓണേഴ്സ്/പഞ്ചവത്സരം-റഗുലർ/സപ്ലിമെന്ററി-2019 ജനവരി) പരീക്ഷയുടെ ഫലം പ്രസി ദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/598/2019)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ബി.ബി.എ. എൽ.എൽ.ബി. നാലാം സെമസ്റ്റർ (ഓണേഴ്സ്/പഞ്ചവത്സരം-റഗുലർ/സപ്ലിമെന്ററി-2019 ജനവരി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/599/2019)

2018 ജൂണിൽ നടന്ന എം.സി.ജെ. രണ്ടാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/600/2019)

2018 സെപ്റ്റംബറിൽ നടന്ന ബി.പി.എഡ്. ഒന്നാം സെമസ്റ്റർ (റഗുലർ, സപ്ലിമെന്ററി), 2018 ഒക്ടോബറിൽ നടന്ന ബി.പി.എഡ്. രണ്ടാം സെമസ്റ്റർ (റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ പത്തു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/601/2019)

2018 ജൂണിൽ നടന്ന എം .എസ് സി. ബയോടെക്നോളജി രണ്ടാംസെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി) പരീക്ഷഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ഒമ്പതു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/602/2019)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2018 സെപ്റ്റംബറിൽ നടന്ന എം.ഫിൽ. എഡ്യൂക്കേഷൻ ഒന്നാം സെമസ്റ്റർ (ഫാക്കൽറ്റി എജ്യൂക്കേഷൻ , സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/603/2019)

2018 നവംബറിൽ നടന്ന എം.എം.എച്ച്. മൂന്നാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/604/2019)

2017 ഡിസംബറിൽ നടന്ന എം.എസ് സി . അപ്ലൈഡ് ഫിസിക് സ് മൂന്നാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ആറു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/605/2019)

എട്ടാം സെമസ്റ്റർ എൽ .എൽ.ബി.(പഞ്ചവത്സരം) 2006-2010 അഡ്മിഷൻ സപ്ലിമെന്ററി , 2006 വരെയുള്ള അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/606/2019)

2018 നവംബറിൽ നടന്ന എൽ.എൽ.ബി. നാലാം സെമസ്റ്റർ (ത്രിവത്സരം-റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/607/2019)

## പ്രാക്ടിക്കൽ

2019 മാർച്ചിൽ നടന്ന ബി .എ. മ്യൂസിക് വീണ ആറാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/2013-15 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ എട്ട്, ഒൻപത് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും.

(പി.ആർ.ഒ./39/608/2019)

## സി.വി. ക്യാമ്പ് ഫീസടയ്ക്കണം

നാലാംസെമസ്റ്റർ എം .എ./എം.എസ് സി ./എം.കോം./എം.സി.ജെ./എം.എസ്.ഡബ്ല്യൂ ആൻഡ് എം.ടി.എ.(റഗുലർ, 2014,2015, 2016 അഡ്മിഷൻ സപ്ലിമെന്ററി , 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്(സി.എസ്.എസ്.) പരീക്ഷകൾക്ക് റഗുലർ വിദ്യാർഥികൾ പരീക്ഷഫീസിനു പുറമേ സെമസ്റ്ററൊന്നിന് 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും(പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. എം.എം.എച്ച് ആൻഡ് എം.ടി.ടി.എം. കോഴ്സ് വിദ്യാർഥികൾക്കും ഇതു ബാധകമാണ്.

(പി.ആർ.ഒ./39/609/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ